# കേരള സർവകലാശാല

നം. പി.ആർ.156/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.എ സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 26-ന്

കേരള സർവകലാശാല വർക്കല, കൊല്ലം, കുണ്ടറ, പുനലൂർ, അടൂർ, ആലപ്പുഴ എന്നിവിടങ്ങളിലെ യു.ഐ.എം-കളിൽ എം.ബി.എ (ഫുൾടൈം) കോഴ്സ് പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. KMAT/CAT/MAT/CMAT സ്കോർ ഉള്ളവർ ആഗസ്റ്റ് 26 രാവിലെ 10 മണിയ്ക്ക് അതത് പ്രിൻസിപ്പൽ (യു.ഐ.എം) മുമ്പാകെ ഹാജരാകണം.

കാര്യവട്ടം ഐ.എം.കെ-യിൽ എം.ബി.എ (ടൂറിസം-സി.എസ്.എസ്), എം.ബി.എ (ഈവനിംഗ്-റഗുലർ) കോഴ്സ് പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. KMAT/CAT/MAT/CMAT സ്കോർ ഉള്ളവർ ആഗസ്റ്റ് 26 രാവിലെ 10 മണിയ്ക്ക് ഐ.എം.കെ വകുപ്പ് മേധാവിക്ക് മുമ്പാകെ ഹാജരാകണം

### സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം ഇക്കണോമിക്സ് പഠനവകുപ്പിൽ എം.എ ഇക്കണോമിക്സ് കോഴ്സിന് എസ്.സി വിഭാഗത്തിൽ രണ്ട് സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ രേഖകൾ സഹിതം ആഗസ്റ്റ് 26 രാവിലെ 11 മണിക്ക് ഇക്കണോമിക്സ് വകുപ്പിൽ ഹാജരാകണം.

കാര്യവട്ടം കമ്പ്യൂട്ടേഷണൽ ബയോളജി ആൻഡ് ബയോ ഇൻഫർമാറ്റിക്സ് പഠനവകുപ്പിൽ എം.എസ്‌സി കമ്പ്യൂട്ടേഷണൽ ബയോളജി പ്രോഗ്രാമിൽ എസ്.സി വിഭാഗത്തിൽ രണ്ട് സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 25 രാവിലെ 11 മണിക്കകം അസ്സൽ രേഖകളുമായി വകുപ്പിൽ ഹാജരാകണം. ഫോൺ. 9020216730, 0471-3216730.

കാര്യവട്ടം ഇസ്ലാമിക് സ്റ്റഡീസ് പഠനവകുപ്പിലെ 2016-18 അധ്യയനവർഷത്തെ എം.എ ഇസ്ലാമിക് ഹിസ്റ്ററി കോഴ്സിന് പട്ടികജാതി വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്ക് (ഇസ്ലാമിക് ചരിത്ര വിദ്യാർത്ഥികൾക്ക് മുൻഗണന) അപേക്ഷിക്കാം. താൽപര്യമുള്ളവർ ആഗസ്റ്റ് 25 രാവിലെ 11 മണിക്ക് അസ്സൽ രേഖകളുമായി പഠനവകുപ്പിൽ ഹാജരാകണം. ഫോൺ 0471-2308115.

കാര്യവട്ടം കമ്മ്യൂണിക്കേഷൻ & ജേർണലിസം പഠനവകുപ്പിൽ എം.സി.ജെ കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 25 ഉച്ചയ്ക്ക് ഒരുമണിക്കകം യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം വകുപ്പുമായി ബന്ധപ്പെടുക. ഫോൺ. 0471-2308013, 9446705262.

### ബി.എസ്‌സി ടൈംടേബിൾ

കേരള സർവകലാശാല നാലാം സെമസ്റ്റർ ബി.എസ്‌സി ജിയോഗ്രഫി, പോളിമർ കെമിസ്ട്രി, സൈക്കോളജി കോംപ്ലിമെന്ററി കമ്പ്യൂട്ടർ സയൻസ്

(സി.ബി.സി.എസ്) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിലും (www.keralauniversity.ac.in) കോളേജുകളിലും ലഭിക്കും.

## ട്രാൻസലേഷൻ സ്റ്റഡീസ് വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസലേഷൻ സ്റ്റഡീസ് (കാര്യവട്ടം ഹിന്ദി പഠനവകുപ്പ്) പരീക്ഷയുടെ വൈവ ആഗസ്റ്റ് 29-ന് സെന്റർ ഫോർ ട്രാൻസലേഷൻ ആൻഡ് ട്രാൻസലേഷൻ സ്റ്റഡീസിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## മാർക്ക്‌ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ തിരുവനന്തപുരം ഗവ. ആർട്സ് കോളേജ് കേന്ദ്രമായി പരീക്ഷയെഴുതിയ മൂന്നാം വർഷ ബി.എ വിദ്യാർത്ഥികൾ അവരുടെ മാർക്ക്‌ലിസ്റ്റുകൾ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ആഗസ്റ്റ് 25, 26, 27 തീയതികളിൽ ഹാൾടിക്കറ്റ് ഹാജരാക്കി കൈപ്പറ്റണം.

## ദ്വിദിന ശിൽപശാല

കേരള സർവകലാശാല കാര്യവട്ടം മന:ശാസ്ത്ര പഠനവകുപ്പ് ലഹരി അടിമത്വവും നിവാരണ മാർഗ്ഗങ്ങളും എന്ന വിഷയത്തിൽ ദ്വിദിന ശിൽപശാല ആഗസ്റ്റ് 30, 31 തീയതികളിൽ പഠനവകുപ്പിൽ നടത്തും. വിദഗ്ദ്ധർ ക്ലാസ് നയിക്കും. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും ഫോൺ : 9447221421.

## എം.എ ഇസ്ലാമിക് ഹിസ്റ്ററി വൈവ

കേരള സർവകലാശാല കാര്യവട്ടം ഇസ്ലാമിക് സ്റ്റഡീസ് പഠനവകുപ്പിലെ എം.എ ഇസ്ലാമിക് ഹിസ്റ്ററി (സി.എസ്.എസ് - 2014-16) വൈവ ആഗസ്റ്റ് 31 രാവിലെ 10 മണിക്ക് പഠനവകുപ്പിൽ നടത്തും.

## ലൈൻ ഹെൽപ്പർ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല എൻജിനീയറിംഗ് യൂണിറ്റിൽ ലൈൻ ഹെൽപ്പർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job notifications എന്ന ലിങ്കിൽ ലഭിക്കും.

## കേരളത്തിന്റെ ജൈവവൈവിദ്ധ്യവും സാംസ്കാരിക പൈതൃകവും സംരക്ഷിക്കപ്പെടണം : മന്ത്രി രവീന്ദ്രനാഥ്

ജൈവ വൈവിദ്ധ്യത്തിന്റെയും സാംസ്കാരിക പാരമ്പര്യത്തിന്റെയും കാര്യത്തിൽ കേരളം സമ്പന്നമാണെന്നും ഇവ സംരക്ഷിക്കാനും ഇത് ലോകത്തിന് മുമ്പിൽ വെളിപ്പെടുത്തിക്കൊടുക്കാനും നടപടികൾ ആവശ്യമാണെന്നും പ്രൊഫ. ശ്രീ. രവീന്ദ്രനാഥ് ആവശ്യപ്പെട്ടു. കേരള

സർവകലാശാലയും ബ്രിട്ടീഷ് കൗൺസിലും ചേർന്ന് ബ്രിട്ടനിലെ പുതു തലമുറയ്ക്ക് ഇന്ത്യൻ സംസ്കാരവും സാമൂഹിക ജീവിതവും പഠിക്കാൻ അവസരമൊരുക്കുന്ന ജനറേഷൻ യു.കെ ഇന്ത്യ പരിപാടിയുടെ സമാപന സംമ്മേളനത്തിൽ മുഖ്യ അതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ആദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ ഇൻഡ്യയിലെ ബ്രിട്ടീഷ് ഹൈ കമ്മീഷണർ ഭരത് ജോഷി, ബ്രിട്ടീഷ് കൗൺസിലിന്റെ വിദ്യാഭ്യാസ വിഭാഗം റിച്ചാർഡ് ഇവറിറ്റി, ജനറേഷൻ യു.കെ ഇൻഡ്യ പ്രോഗ്രാം ഡയറക്ടർ ഹിമാൻഷു മിത്തൽ, സിൻഡിക്കേറ്റംഗങ്ങളായ പി. ബിജു, കെ.എസ് ഗോപകുമാർ, ഡോ. പി.എം രാധാമണി, വിദ്യാർത്ഥി യൂണിയൻ വൈസ് ചെയർപേഴ്സൺ അശ്വതി കൃഷ്ണൻ, നിയമ ഫാക്കൽറ്റി ഡീനും അന്താരാഷ്ട്ര വിഭാഗം മേധാവിയുമായ ഡോ. കെ.സി സണ്ണി, നിയമവിഭാഗം മേധാവിയും അന്താരാഷ്ട്ര വിഭാഗം കോ-ഓർഡിനേറ്ററുമായ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ എന്നിവരും സംസാരിച്ചു. കൂടാതെ ബ്രിട്ടനിൽ നിന്നും എത്തിയ 46 അംഗങ്ങൾ അവരുടെ അനുഭവങ്ങളും പങ്കുവെച്ചു.

(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)







**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

23.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098